# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2314      18.12.2012-ൽ മറുപടിക്ക്

ചോദ്യം      ഉത്തരം

ശ്രീ. എം.ഹംസ

ശ്രീ. കെ. എം. മാണി
ധനകാര്യവും നിയമവും
ഭവന നിർമ്മാണവും വകുപ്പുമന്ത്രി

## ബഡ്ജറ്റിൽ പ്രതീക്ഷിച്ച നികുതിവരവും സമാഹരിച്ച നികുതിയും

| | | |
|---|---|---|
| (എ) | 2012-13 സാമ്പത്തിക വർഷത്തെ എത്ര കോടി രൂപയുടെ ബഡ്ജറ്റാണ് നിയമസഭ പാസാക്കിയത്; എത്രയിനങ്ങളിൽ ആയിട്ടാണ് വകയിരുത്തിയത്; | 2012-13 സാമ്പത്തിക വർഷത്തിൽ നാല്പത്തിയാറ് ധനാഭ്യർത്ഥനകളിലായി 69103.86 കോടി രൂപയുടെ ബഡ്ജറ്റാണ് നിയമസഭ പാസാക്കിയത്. |
| (ബി) | പിന്നിട്ട സെപ്തംബർ 30 വരെ 6 മാസക്കാലത്തിനുള്ളിൽ ഓരോ വകുപ്പിലും നീക്കിവച്ച തുകയും, ചെലവഴിക്കപ്പെട്ട തുകയും വ്യക്തമാക്കാമോ; ഓരോ വകുപ്പും എത്ര ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ; | 2012-2013-ലെ ബഡ്ജറ്റിൽ (2012-13-ലെ ആദ്യ ഉപധനാഭ്യർത്ഥന ഉൾപ്പെടെ) 69720.46 കോടി രൂപ വിവിധ ധനാഭ്യർത്ഥനകളിലായി വകയിരുത്തിയിട്ടുണ്ട്. അക്കൗണ്ടന്റ് ജനറലിന്റെ താത്കാലിക കണക്കുകൾപ്രകാരം 2012 സെപ്തംബർ 30 വരെ വിവിധ ധനാഭ്യർത്ഥനകളിലായി 25484.09 കോടി രൂപ ചെലവായിട്ടുണ്ട്. ഓരോ ധനാഭ്യർത്ഥനയിലും ചെലവായ തുക സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | അസറ്റ് ക്രീയേഷൻ ഇനത്തിൽ എം.എൽ.എ. മാർക്ക് 5 കൊല്ലത്തിനുള്ളിൽ ചെലവഴിക്കുന്നതിലേക്കായി എത്ര തുക നീക്കി വച്ചു ; | 2012-13 സാമ്പത്തിക വർഷത്തേയ്ക്കായി നിയോജകമണ്ഡലം ആസ്തി വികസന ഫണ്ടിലേക്ക് 705 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. |

| | | |
|---|---|---|
| (ഡി) | പ്രസ്തുത പദ്ധതി അനുസരിച്ച് ഇതിനകം എത്ര അസംബ്ളി മണ്ഡലങ്ങളിൽ എത്ര തുകയുടെ ഭരണാനുമതി നൽകുകയുണ്ടായി; | പ്രസ്തുത പദ്ധതിയ്ക്കായി ഇതുവരെ 63 നിയമസഭാ മണ്ഡലങ്ങളിൽ 154.50 കോടി രൂപയുടെ പണികൾക്ക് ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകുന്നതിന് ധനവകുപ്പ് അനുവാദം നൽകിയിട്ടുണ്ട്. |
| (ഇ) | ഭരണാനുമതി നൽകുന്നതിലെ കാലതാമസം ഒഴിവാക്കുവാൻ എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കാമോ; | നിയോജകമണ്ഡലം ആസ്തി വികസന ഫണ്ടിന്റെ വിനിയോഗത്തിനുവേണ്ടി പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി നൽകുന്ന ശുപാർശകൾക്ക് ഭരണാനുമതി നൽകുന്നതിന് കാലതാമസം ഉണ്ടാകാറില്ല. |
| (എഫ്) | 5 കോടി രൂപയിൽ അധികം ചെലവു വരുന്ന പദ്ധതികൾക്ക് പ്രത്യേകാനുമതി വേണമെന്ന് പ്ളാനിംഗ് ബോർഡ് നിർദ്ദേശിച്ചിട്ടുള്ളതായി ശ്രദ്ധയിലുണ്ടോ; പ്രസ്തുത നിർദ്ദേശം പദ്ധതി നടപ്പിലാക്കുന്നതിന് കാലതാമസം വരുത്തും എന്ന് മനസ്സിലാക്കി ഇടപെട്ടിട്ടുണ്ടോ; അതിന്റെ ഫലം എന്തെന്ന് വ്യക്തമാക്കാമോ? | 2013–14–ലെ വാർഷിക പദ്ധതികൾക്കുള്ള സ്കീമുകളിൽ അന്തിമ തീരുമാനം കൈക്കൊള്ളുന്നതിനുമുൻപായി 5 കോടി രൂപയ്ക്ക് മുകളിൽ അടങ്കൽ വരുന്ന എല്ലാ പുതിയ പദ്ധതികളും Extra Budgetary Funding–ന്റെ സാദ്ധ്യതകൾ പരിശോധിക്കുന്നതിന് പ്ളാനിംഗ് ബോർഡിലെ ചീഫ് ഇക്കണോമിക്സ് അഡ്വൈസറുമായി കൂടിയാലോചിക്കണമെന്ന നിർദ്ദേശം മാത്രമാണ് നൽകിയിട്ടുള്ളത്. 5 കോടി രൂപയ്ക്കു മുകളിൽ അടങ്കലുള്ള പദ്ധതികൾക്കെല്ലാം പ്ളാനിംഗ് ബോർഡിന്റെ പ്രത്യേകാനുമതി നിഷ്കർഷിച്ചിട്ടില്ലാത്തതിനാൽ ടി നിർദ്ദേശം പദ്ധതി നിർവ്വഹണത്തിൽ കാലതാമസം വരുത്തുമെന്ന് വിലയിരുത്തുന്നില്ല. |

സെക്ഷൻ ഓഫീസർ